(സി) ചില സ്ഥലങ്ങളിൽ എഫ്.സി.ഐ. സ്റ്റോക്കു ചെയ്തിട്ടുള്ള അരിയിൽ ഗുണമേന്മ കുറഞ്ഞതും ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എഫ്.സി.ഐ.യിൽ നിന്നും വിതരണത്തിനായി എടുക്കുന്ന അരി അതാതു ജില്ലാസപ്ലൈ ഓഫീസർമാർ. എഫ്.സി.ഐ.യുടെ ബന്ധപ്പെട്ട ജില്ലാ മാനേജർമാർ, ഗുണനിലവാര വിഭാഗം ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ സംഘം പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്നു. ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യരുതെന്ന് എഫ്.സി.ഐ.യ്ക്കും അത്തരത്തിലുള്ള അരി വിതരണത്തിനായി തെരഞ്ഞെടുക്കരുതെന്ന് റേഷൻ മൊത്ത വ്യാപാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ കോളറബാധ തടയുവാൻ നടപടി

14(*11) ശ്രീ കെ. പി. രാജേന്ദ്രൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ആർ. ലതാദേവി :
പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സപോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാം കോളറ പടർന്നുപിടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കോളറ ബാധിച്ച് എത്രപേർ ഇതിനകം മരണമടഞ്ഞു ; എത്രപേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട് ;

(സി) കോളറബാധ തടയുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്രസംഘം സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടോ ; എങ്കിൽ ഈ സംഘത്തിന്റെ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) കോട്ടയം ജില്ലയിലെ കുറിച്ചി, കുമരകം, പാറംപുഴ, കറുകച്ചാൽ, വെമ്പള്ളി, ഇടയാഴം, പേരൂർ, നാടാശ്ശേരി, ചങ്ങനാശ്ശേരി, വൈക്കം, കല്ലറ, എന്നീ ഭാഗങ്ങളിലാണ് ഛർദ്ദി, വയറിളക്കരോഗങ്ങൾ പടർന്നുപിടിച്ചത്.

(ബി) 2-1-2000 മുതൽ 15-2-2000 വരെയുള്ള കാലയളവിൽ വയറിളക്ക രോഗം ബാധിച്ച് 9 പേർ മരണമടഞ്ഞിട്ടുണ്ട്. വയറിളക്കരോഗം ബാധിച്ച് 912 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു.

(സി) കുടിവെള്ളം തിളപ്പിച്ചും മറ്റും ശുദ്ധീകരിച്ച് ഉപയോഗിക്കുന്നതിനും, ആഹാരസാധനങ്ങൾ പാകം ചെയ്തും രോഗാണുബാധയുണ്ടാകാതെ അടച്ചുവച്ച് ഉപയോഗിക്കുന്നതിനുമുള്ള ബോധവൽക്കരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പു തലത്തിൽ മെഡിക്കൽ ഓഫീസർമാരുടേയും, സൂപ്പർവൈസർമാരുടേയും മീറ്റിംഗുകൾ സംഘടിപ്പിച്ച് പ്രതിരോധ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

കൈക്കൊള്ളുവാനുള്ള പദ്ധതികൾക്ക് രൂപംകൊടുത്തു. ബോധവൽക്കരണ പരിപാടികൾ വിവിധ മാധ്യമങ്ങൾ വഴി നടപ്പാക്കി. കുടിവെള്ളശുചീകരണത്തിനായി ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ചു. കോട്ടയം ജില്ലയിൽ മാത്രം ഒരുലക്ഷത്തിലധികം കിണറുകളിൽ ക്ലോറിനേഷൻ നടത്തി. ജില്ലാ മെഡിക്കൽ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന മോണിറ്ററിംഗ് കൺട്രോളർ റൂം പ്രവർത്തനമാരംഭിച്ചു. രോഗബാധിതർക്ക് പ്രത്യേകം വാർഡ് നൽകുകയും ദൈനംദിന റിപ്പോർട്ടുകൾ വിലയിരുത്താൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഡിസ്ട്രിക്റ്റ് കളക്ടർ, പഞ്ചായത്ത് പ്രസിഡന്റ്, മെഡിക്കൽ ഓഫീസർമാർ എന്നിവർ ചേർന്ന കമ്മിറ്റി രൂപീകരിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ രോഗം നിയന്ത്രണാധീനമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു.

(ഡി) ഉണ്ട്. ശുദ്ധജലവിതരണത്തിനായി പഴകിയ പൈപ്പുലൈൻ മാറ്റി സ്ഥാപിക്കുക. കുറിച്ചിയിൽ പുതിയ പൈപ്പുലൈൻ സ്ഥാപിക്കുക. ക്ലോറിനേഷൻ നടത്തുക, തൃത്തുക്കുടിയിൽ നിന്നും കൊണ്ടുവരുന്ന മത്സ്യവില്പന താൽക്കാലികമായി നിർത്തലാക്കുക എന്നിവയാണ് കേന്ദ്രസംഘത്തിന്റെ നിർദ്ദേശങ്ങൾ.

പ്രൈമറി സ്കൂൾ കുട്ടികൾക്ക് നൽകുന്ന ഭക്ഷ്യ വസ്തുക്കൾ

15(*12) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈമറി സ്കൂൾ കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനായി കേന്ദ്ര ഗവൺമെന്റ് ഭക്ഷ്യവസ്തുക്കൾ നൽകാറുണ്ടോ ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ;

(ബി) എത്രനേരം ഭക്ഷണം നൽകണമെന്നാണ് വ്യവസ്ഥയുള്ളത് ;

(സി) ഇതിനായി ലഭിച്ച ഭക്ഷ്യവസ്തുക്കളുടെ അളവ് വെളിപ്പെടുത്തുമോ ;

(ഡി) സ്കൂൾ കുട്ടികൾക്ക് കൃത്യമായി ഭക്ഷണം ലഭിക്കുന്നില്ല എന്ന പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ വിശദവിവരം വെളിപ്പെടുത്തുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പ് മന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിലെ ലോവർ പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനുള്ള അരി കേന്ദ്രഗവൺമെന്റ് നൽകി വരുന്നു.

(ബി) പ്രധാനമന്ത്രിയുടെ പോഷകാഹാര വിതരണപദ്ധതിയുടെ ഭാഗമായുള്ള ഈ പദ്ധതി ഒരു ഉച്ചഭക്ഷണ പരിപാടിയായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly